➩ *സോഷ്യലിസം എന്ന വാക്ക് ഞാൻ ബോധപൂർവ്വമായി തന്നെ ഇന്നുപയോഗിക്കുന്നു* ➩

**സോഷ്യലിസം** എന്ന വാക്ക് പറയാൻ ധൈര്യപ്പെടുന്നു എന്നതുതന്നെ ഒരു ദാർശനിക അഡ്വഞ്ചർ ആയിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. എഴുപതുകളുടെ ബൗദ്ധികത സോഷ്യലിസ്റ്റ് ദർശനത്തെയും പ്രായോഗത്തെയും പ്രശ്നവൽക്കരിച്ചെങ്കിലും മുതലാളിത്തത്തിന്റെയല്ലാത്ത ഒരു പ്രഭാതത്തെക്കുറിച്ച് ചിന്തിക്കാൻ അധൈര്യപ്പെടേണ്ട കാര്യമൊന്നും അന്ന് തോന്നിയിരുന്നില്ല. ആ ജനികീയ പ്രഭാതം ചുവന്നതുതന്നെയായിരിക്കണമെന്നു നിർബന്ധമില്ലായിരുന്ന സ്കൂളുകളും അന്നുണ്ടായിരുന്നു. എന്നാൽ കൂടുതൽ ചരിത്രബോധവും അനുഭവങ്ങളുമുണ്ടായപ്പോൾ മുതലാളിത്തത്തിന് അല്ലെങ്കിൽ ഇന്നത്തെ ലോകവ്യവസ്ഥയ്ക്ക് (സമ്പദ്ഘടന, രാഷ്ട്രകൂടം, വിജ്ഞാനം, സാങ്കേതിക വിദ്യ, സംസ്കാരം) അതിനുള്ളിലെ വൈരുദ്ധ്യങ്ങളിൽ (crisis) നിന്നോ സാദ്ധ്യതകളിൽ നിന്നോ ഒരു ബദൽ ഉണ്ടാവണമെന്നില്ല എന്ന ചിന്ത ശക്തമായി. കമ്മ്യൂണിസ്റ്റുകാർക്ക് ആ ചിന്താമാറ്റം ഉണ്ടായത് വ്യവസ്ഥാപിത സോഷ്യലിസ്റ്റ് സംവിധാനങ്ങളുടെ തകർച്ചയിൽ നിന്നാണ്. പക്ഷെ കമ്മ്യൂണിസ്റ്റുകാരല്ലാത്ത റിബലുകൾക്കും

# അധികാരം സോഷ്യലിസം: ദാർശനിക-പ്രായോഗിക പ്രശ്നങ്ങൾ

കലാപം ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവർ സോഷ്യലിസം എന്ന വാക്കിനെ ഒരു പ്രതീകമെന്ന നിലയിലും, രാഷ്ട്രീയവും ആത്മീയവുമായ പ്രതിരോധമെന്ന നിലയിലും തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. പരമ്പരാഗത ഓർമ്മകളുടെ നിർബന്ധങ്ങളില്ലാതെ തന്നെ യൂത്തുഡയലോഗ് എന്ന കൂട്ടായ്മ സോഷ്യലിസം എന്ന വാക്ക് തിരഞ്ഞെടുത്തത് അദ്ഭുതമായി. യൂത്ത് ഡയലോഗിന്റെ ആഭിമുഖ്യത്തിൽ പയ്യന്നൂരിൽ നടന്ന 'സോഷ്യലിസം ഇന്ന്' എന്ന സംഗമത്തിന്റെ പശ്ചാത്തലത്തിൽ ഒരാലോചന.

**പ്രൊഫ. സുകു മാമ്മൻ ജോർജ്ജ്**

(പുത്തൻ ഇടതുപക്ഷമെന്നും സംസ്കാരിക ബദലമ്പേഷകരെന്നും ഒക്കെ പൊതുവായി പറയാവുന്ന സ്കൂളുകൾ) ഇതേ ചിന്തയുണ്ടായി. പ്രത്യേകിച്ച് സാംസ്കാരിക ബദലുകളെയും (ഡ്രോപൗട്ടുകളുടെ സംസ്കാരം റാഡിക്കൽ സംഗീതവും കലയും) പരിസ്ഥിതിവാദത്തെയുമെല്ലാം ലോകവ്യവസ്ഥ സ്വാംശീകരിക്കുന്നത് കണ്ടപ്പോൾ (ഹരിത മുതലാളിത്തം, ആത്മീയ മാനേജ്മെന്റ് സാങ്കേതങ്ങൾ മുതലായവ) ഈ ചിന്ത ശക്തമായി. അതുകൊണ്ടുതന്നെ, ഈ ഗണത്തിൽപ്പെടുന്ന കലാപം ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവർ സോഷ്യലിസം എന്ന വാക്കിനെ ഒരു പ്രതീകമെന്നനിലയിലും, ഒരു രാഷ്ട്രീയവും ആത്മീയവുമായ പ്രതിരോധമെന്ന നിലയിലും തിരിച്ചുകൊണ്ടുവരുവാൻ ശ്രമിക്കുന്നുണ്ട്. ഈ പറഞ്ഞ പരമ്പരാഗത ഓർമ്മകളുടെ നിർബന്ധങ്ങളില്ലാതെ തന്നെ യൂത്തുഡയലോഗ് എന്ന കൂട്ടായ്മയുടെ പ്രവർത്തകർ ആ വാക്ക് (സോഷ്യലിസം ഇന്ന്, പയ്യന്നൂർ സംഗമം) തിരഞ്ഞെടുത്തത് അദ്ഭുതമായി.

സോഷ്യലിസം എന്ന വാക്ക് ഞാൻ ബോധപൂർവ്വമായി തന്നെ ഇന്നുപയോഗിക്കുന്നു. പക്ഷെ അതു പഴയ അർത്ഥത്തിലല്ല. മനുഷ്യാവസ്ഥകളിലെ ഹയരാർക്കികൾ (അധികാരവും അതിന്റെ ഭാഷയും സംസ്കാരവും ഉത്സവങ്ങളും ഭൗതീക രൂപങ്ങളും) ജനാധിപത്യവൽക്കരിക്കപ്പെടുകയും, സ്നേഹമില്ലായ്മകൾ (മാർക്കറ്റിന്റെ യൂട്ടിലിട്ടേറിയനിസം) ഇല്ലാതാക്കുകയും ചെയ്യുന്ന ഒരു നിരന്തര പ്രക്രിയ്ക്കുള്ള ആഗ്രഹം നിലനിർത്തുന്ന ഒ

രു ആത്മീയസാധനയുടെ മന്ത്രം മാത്രമാണത്. അതിന് ഇന്ന് മേൽപറഞ്ഞ രീതിയിലുള്ള ആത്മീയ ദിശാബോധങ്ങളല്ലാതെ, പഴയ വിപ്ലവകാരികൾക്കുണ്ടായിരുന്ന ഭൗതീക ദിശാബോധം ഉണ്ടാവണമെന്നു തന്നെ നിർബന്ധമില്ല. അതുകൊണ്ടുതന്നെ മനുഷ്യാവസ്ഥകളുടെ ദർശനവും പ്രായോഗവുമാണ് വികസിക്കേണ്ടത്. ഒരു കൂട്ടം യുവജനങ്ങൾ തങ്ങളുടെ വ്യക്തി ജീവിതങ്ങളെയും കൂട്ടുകെട്ടുകളെയും ഉപയോഗിച്ചു തന്നെ ഈ അന്വേഷണം നടത്തുന്നുവെന്നത് ആശാവഹമാണ്. അവരുടെ അൺഓർത്തഡോക്സ് ആയുള്ള ജീവിത സംഘാടനമാണ് അവരെ സംഘടിത പ്രസ്ഥാനങ്ങളിൽ നിന്നും എൻ.ജി.ഒകളിൽ നിന്നും മാവോയിസ്റ്റുകളിൽ നിന്നും ഒക്കെ വ്യത്യസ്തരാക്കുന്നത്. എന്നാൽ ആശയപരമായി അവർ മുതിർന്നവരുടെ ഘടനാബദ്ധതയിലേക്ക് (സ്ട്രക്ചറലിസം) വഴുതി വീഴുന്നുവോ എന്ന് ഞാൻ ആശങ്കപ്പെടുന്നുണ്ട്. അസംഘടിത തൊഴിലാളികളെ പ്രശ്നവൽക്കരിച്ചത് പഴയ വർഗ്ഗസങ്കൽപത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് എനിക്കൊരു വിമർശനം ഉണ്ട്. യൂത്ത് ഡയലോഗിന്റെ പയ്യന്നൂർ സെമിനാറിൽ മുതിർന്ന പണ്ഡിതരുടെ പ്രസംഗങ്ങളിലൂടെ സത്യം കണ്ടെത്താം എന്നുള്ള വിശ്വാസം പ്രകടിപ്പിച്ചതും വിമർശന വിധേയമാക്കണം.

പത്തൊൻപതാം നൂറ്റാണ്ടിൽ സോഷ്യലിസ്റ്റ് ദർശനം ഉരുത്തിരിഞ്ഞപ്പോഴും ഒരു ആത്മീയലക്ഷ്യം അതിനുണ്ടായിരുന്നു. മുതലാളിത്തത്തെ ആത്മാവ് നഷ്ടപ്പെട്ട യൂട്ടിലിറ്റേറിയൽ വ്യവസ്ഥയായി (ഹൃദയമില്ലാത്ത സ്ഥൂല താൽപര്യങ്ങളുടെ ഹയരാർക്കിക്കൽ വ്യവസ്ഥിതി) കണ്ട് അതിനെതിരെ പ്രതികരിച്ചവർ ആണ് സോഷ്യലിസ്റ്റുകൾ. ആയതിനാൽ മനുഷ്യലോകത്ത് സ്നേഹവും സൗന്ദര്യവും ഹൃദയവും സാഹോദര്യവും സ്ഥാപിയ്ക്കുക എന്നത് കാൽപനിക മാർക്സിസം ഉൾപ്പെടെയുള്ള സോഷ്യലിസ്റ്റ് സ്കൂളുകളുടെ ഡയനാമിക്സ് ആയിരുന്നു. മുതലാളിത്തത്തെ പ്രഥമവും പ്രധാനവുമായി ഒരു സാമ്പത്തിക പ്രതിഭാസമായി അന്നത്തെ സാമൂഹ്യശാസ്ത്രജ്ഞർ മനസ്സിലാക്കിയതുകൊണ്ട് അതിന്റെ ബദലായി അവർ കൽപന ചെയ്ത സോഷ്യലിസത്തെയും ഒരു സാമ്പത്തിക രൂപമായി വികസിപ്പിക്കേണ്ടതുണ്ടായിരുന്നു. ഈ ബദൽ സമ്പദ്ഘടനയുടെ സോഷ്യോളജിയെക്കുറിച്ച് (സാമൂഹ്യാടിസ്ഥാനങ്ങൾ ഉദാ: വർഗ്ഗങ്ങൾ) അവർ പഠിക്കുകയും ചെയ്തു. എന്നാൽ അടിസ്ഥാനപരമായി ആ പുനസംഘാടനത്തിനാവശ്യമായി രാഷ്ട്രീയ പ്രക്രിയയിലാണ് അവർ ഊന്നൽ നൽകിയത്. സംഘടനകളിലൂടെ (ട്രെയ്ഡ് യൂണിയൻ, പാർട്ടി) ഉള്ള ശക്തിപ്രയോഗം (സാമൂഹ്യ സൃഷ്ടി) എന്ന ആശയം അങ്ങനെ വികസിക്കുകയും കേന്ദ്രപ്രമേയമാവുകയും ചെയ്തു. അതിനാൽ മാറ്റത്തിന്റെ ഉപകരണം സാമൂഹ്യാടിസ്ഥാനങ്ങളുടെ ചാലകത്വം എന്നതിനേക്കാൾ ഉപരി പാർട്ടിപ്രവർത്തനവും പാർട്ടിയുടെ നേതൃത്വവുമാണ് എന്ന റിഡക്ഷണിസം സംഭവിച്ചു. അതിനാൽ സോഷ്യലിസത്തിന്റെ സാമ്പത്തികരൂപം, ഭരണകൂട സൃഷ്ടമായ യാന്ത്രികരൂപങ്ങളായി, സ്വയംചാലകശക്തി (self sustaining dynamics) ഇല്ലാത്തവയായി. ആ വ്യവസ്ഥിതി ദൈനംദിന ജീവിത പ്രയോഗതലത്തിൽ മനുഷ്യന് അന്യവൽക്കരണം സൃഷ്ടിക്കുന്നവയായി അധഃപതിച്ചു. രാഷ്ട്രകൂടത്തിന്റെ (സ്റ്റേറ്റ്) ഫാസിസ്റ്റ് ബലപ്രയോഗമാണ് സോഷ്യലിസത്തെ നിലനിർത്തുന്നത് എന്നുവന്നു. ഫോക് മനുഷ്യനും അദ്ധ്വാനവും തമ്മിൽ, ഫോക് മനുഷ്യനും അധികാരവും തമ്മിൽ, ഫോക് മനുഷ്യനും ഉൽപാദന-ഉപഭോഗ വ്യവസ്ഥയും തമ്മിലുള്ള അന്യവൽക്കരണം പുതിയ രീതികളിൽ പുനസൃഷ്ടമായി. മാവോയിസ്റ്റുകൾ ഉൾപ്പടെയുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾ അധികാരം, അന്യവൽക്കരണം, ശക്തിപ്രയോഗം, സംഘടന, രാഷ്ട്രകൂടവും സമ്പദ്ഘടനയും സമൂഹവും തമ്മിലുള്ള ജൈവബന്ധം, പ്രേരകങ്ങളും ചേതനയും (ഡയനാമിക്സ്) എന്നിവയെക്കുറിച്ചെല്ലാം മുകളിൽ സൂചിപ്പിച്ച ചരിത്രപരമായ പരാജയത്തിന്റെ അടിസ്ഥാനത്തിൽ പുനർചിന്തിക്കുന്നതായി കാണുന്നില്ല. ഈ സമസ്യയുടെ ഉത്തരം റാഡിക്കൽ ഗാന്ധിയന്മാരും (ഇന്ത്യൻ സോഷ്യലിസ്റ്റുകൾ), ചൈനീസ് സാംസ്കാരിക വിപ്ലവകാരികളും, അറുപതുകളിലെയും എഴുപതുകളിലെയും പ്രതിസാംസ്കാരിക മുന്നേറ്റങ്ങളും, നിയോ കമ്മ്യൂണിസ്റ്റ് ചിന്തകരും, കമ്മ്യൂണിസ്റ്റ് റിബലുകളും തേടുകയുണ്ടായി. സമൂഹത്തെയും രാഷ്ട്രകൂടത്തെയും തമ്മിൽ ജൈവമായി പുനർബന്ധിക്കുകയാണ് വേണ്ടത് എന്ന ഉത്തരമാണ് ഇവരിൽ പലരും കണ്ടെത്തിയത്. സോഷ്യലിസത്തിന്റെ സംഘാടന രാഷ്ട്രീയത്തെക്കാൾ അതിന്റെ സോഷ്യോളജിയുടെ രാഷ്ട്രീയമാണ് പ്രധാനം എന്ന കണ്ടെത്തൽ.

മാർക്സിസ്റ്റ് വിപ്ലവങ്ങളുടെ ഒരു 'ജന്മപാപം', ഈ ജൈവബന്ധം നിലനിർത്തുന്നതിനുള്ള ജനാധിപത്യ ഉപാധികളെ (സാമൂഹ്യവർഗ്ഗങ്ങൾക്ക് നേരിട്ടുള്ള അധികാര പ്രയോഗത്തിന് ഉള്ള വേദികൾ) ബ്യൂറോക്രാറ്റിക് പാർട്ടി കൊണ്ട് പകരം വയ്ക്കുന്നു എന്നതാണ്. അത്തരം ജനകീയ അധികാര പ്രയോഗ വേദികളുടെ ഉദാഹരണമായി പറയാവുന്നവയാണ് വിപ്ലവകാലത്തുണ്ടായിരുന്ന സോവിയെറ്റുകൾ, ചൈനീസ് സാംസ്കാരിക വിപ്ലവകാലത്തെ നേരിട്ടുള്ള ജനാധിപത്യ പ്രയോഗത്തിന്റെ വേദികളെല്ലാം. (നമ്മുടെ ഗ്രാമസഭാ




യൂത്ത് ഡയലോഗിന്റെ 'സോഷ്യലിസം ഇന്ന്' എന്ന പരിപാടിയുടെ പോസ്റ്റർ

സങ്കൽപവും കുടുംബശ്രീ സങ്കൽപവും ഫ്രീ സോഫ്റ്റ്‌വെയർ സങ്കൽപവും കാർഷിക ഉദ്പാദന-വിപണന ശ്യംഖലാ സങ്കൽപവുമെല്ലാം അത്തരം ജൈവ ദിശാബോധം ഉള്ളവയാണ്). ഒരു പക്ഷെ പാർട്ടി, രാഷ്ട്രകൂടം (സ്റ്റേറ്റ്) എന്നതുപോലെതന്നെ, ഒരു അനിവാര്യമായ തിന്മയാവാം. കാരണം ഒരു റാഡിക്കൽ ദിശാബോധത്തോടെ സാമൂഹ്യ, ജനാധിപത്യ സംവിധാനങ്ങൾ ചലിയ്ക്കണമെങ്കിൽ അതിന് ഒരു ചട്ടക്കൂടും നിയന്ത്രണവും വേണ്ടേ? പക്ഷെ ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രക്രിയയിൽ അത്തരം ഒരു പാർട്ടി ഇല്ലായിരുന്നു എന്നതു ശ്രദ്ധിയ്ക്കുക. പക്ഷെ അവിടെയും മദ്ധ്യവർഗ്ഗ ബുദ്ധിജീവി ക്ലബ്ബുകൾ സ്വച്ഛന്ദ വർഗ്ഗ മുന്നേറ്റങ്ങൾക്ക് ദിശാബോധം നൽകുകയുണ്ടായി. സോഷ്യലിസ്റ്റ് സിൻഡിക്കലിസ്റ്റുകൾ ഉദ്പാദനവർഗ്ഗ ഫെഡറേഷനുകളുടെ ജനാധിപത്യത്തിലൂടെ ഉള്ള മൂലധന സ്വരൂപണം, മാനേജ്മെന്റ്, ഉദ്പാദനം, വിതരണം എന്ന ശൈലി അവതരിപ്പിച്ചിരുന്നു. പക്ഷെ മുതലാളിത്ത സമ്പദ്ഘടനയ്ക്കുള്ളിലും ഫാസിസ്റ്റ് രാഷ്ട്രകൂട ഘടനയ്ക്കുള്ളിലും കൂടി ഇറ്റാലിയൻ ഫാസിസ്റ്റുകളാണ് അത് പരീക്ഷിച്ചത്. ഒരു ലിബറൽ രാഷ്ട്രീയ വ്യവസ്ഥയിൽ നടക്കുന്ന സ്വതന്ത്രമായ വർഗ്ഗ സംഘർഷങ്ങളുടെ സൈനർജി റാഡിക്കൽ ജനാധിപത്യത്തിലേക്കാവണമെന്നില്ല നയിക്കുന്നത്, പിന്നയോ ശക്തരുടെ ആധിപത്യത്തിലേക്കാവാം. കാരണം ഒരു 'ലവൽ കളിക്കളം' ജനാധിപത്യഭരണഘടനയിലൂടെ കിട്ടുന്ന പൗരാവകാശത്തിലൂടെ മാത്രം ഉണ്ടാവില്ലല്ലൊ. താത്പര്യ സംഘാതങ്ങൾ ശക്തി സൃഷ്ടിക്കായി മത്സരിക്കുന്നത് ഒരേ ശാക്തിക മൂലധനം ഉപയോഗിച്ചാകില്ലല്ലൊ. വർഗ്ഗരൂപങ്ങളെയും, വർഗ്ഗരൂപങ്ങളുടെ അപ്പുറത്തുള്ള ശക്തിരൂപങ്ങളെയും സമവാക്യങ്ങളെയും ചാലകശക്തികളെയും കണ്ടെത്തിയാൽ മാത്രമെ ഇതിനുത്തരം കിട്ടാൻ സാദ്ധ്യതയുള്ളൂ. നമുക്കാവശ്യം ചലനാത്മകമായ ശക്തിബന്ധങ്ങളുടെ (പവർ ഇക്വേഷൻസ്) പാറ്റേണുകൾ തിരിച്ചറിഞ്ഞ് അവയെ പ്രയോഗക്ഷമമാക്കുകയാണ്.

ലിബറൽ ജനാധിപത്യ ഘടനയുടെ ജൈവവും മൈക്രോതലത്തിലുള്ളതും (ജീവിത മുഹൂർത്തങ്ങളിൽ ഉള്ളത്) ആയ വികാസമാണല്ലോ റാഡിക്കൽ രാഷ്ട്രീയമായി വരേണ്ടത്. കെ. വേണുവിന് മറുപടിയായി ശരത് (കേരളീയം) ഈ വിഷയത്തെ കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ കത്ത് ഇതിൽ ഒരു അടിസ്ഥാന രേഖയാണ്. കെ. വേണു മാതൃഭൂമി ആഴ്ചപതിപ്പിൽ കേവലവും സ്ഥിതരൂപവുമായ ജനാധിപത്യത്തെ വിശദീകരിക്കുമ്പോൾ അതിന്റെ ഡയനാമിക്‌വശമാണ് ശരത് പറയുന്നത്. ഈ തരത്തിലുള്ള സൂക്ഷ്മജനാധിപത്യവികസനത്തിന്, മാവോയിസ്റ്റുകൾ (എന്ന് ഇപ്പോൾ സ്വയം വിളിയ്ക്കുന്നവർ) പറയുന്ന രീതിയിലുള്ള സ്ഥൂലശക്തി സ്ഥാപനവും (അതിനായുള്ള സ്ഥൂലതല സംഘർഷവും) അനുയോജ്യമല്ല. അതുപോലെ സ്ഥൂലമായ തെരഞ്ഞെടുപ്പ് പ്രക്രിയിലും രാഷ്ട്രകൂട ശക്തിയിലും ഒതുങ്ങുന്നതരം പാർട്ടി പ്രവർത്തനവും ശൈലിയും ഉപകരിയ്ക്കില്ല. ആ രണ്ടു ശൈലിയും മെഗാനരേറ്റീവുകളിലേക്ക് മാത്രമായി വിപ്ലവത്തെ (റാഡിക്കൽ പരിവർത്തനത്തെ) ചുരുക്കുന്നു എന്ന് നദി മാതൃഭൂമിആഴ്ചപ്പതിപ്പിൽ എഴുതിയതും ശരി തന്നെ. രാഷ്ട്രീയ ജനാധിപത്യം രാഷ്ട്രകൂടത്തിൻ (സ്റ്റേറ്റ്) മേലും രാഷ്ട്രകൂട അധികാര പ്രക്രിയയിന്മേലുമുള്ള അധികാരം (ഹെജിമണി) മാത്രമാണ്. രാഷ്ട്രകൂട/മാർക്കറ്റ് മെഗാനരേറ്റിവുകളെ അപ്രസക്തമാക്കുന്ന ധാരാളം ബദൽ-മെഗാനരേറ്റീവുകളും മൈക്രോനരേറ്റിവുകളും-എപ്പോഴും സമൂഹത്തിൽ പ്രവർത്തനക്ഷമമാണ്. അധോധാരാ സമ്പദ്ഘടനകളും (ബ്ലാക്ക് എക്കോണമി), ജാതി-മത ശക്തികളും, അഴിമതിയും, മാഫിയയും ഒക്കെ ഇത്തരം ബദൽ നരേറ്റീവുകളാണ്. ഇവയുടെ മേൽ രാഷ്ട്രകൂടത്തിന് നിയന്ത്രണമില്ല എന്നു തന്നെയല്ല, രാഷ്ട്രകൂടം അതിന്റെ ഡയനാമിക്സ് നിലനിർത്തുന്നത് ഇത്തരം പ്രതിഭാസങ്ങളിലൂടെയാണ്. ഈ വസ്തുതയാണ് ശരത് പറയുന്നത്. അതേ സമയം ലിബറൽ രാഷ്ട്രകൂടത്തെ ധാർമ്മികമായി നിഷേധിക്കുന്നവർക്ക് വേണു കൊടുത്ത മറുപടി സ്വീകാര്യമാണ്. എന്തെന്നാൽ നമ്മുടെ ആക്റ്റിവിസ്റ്റ് ജനാധിപത്യരാഷ്ട്രീയം സൃഷ്ടമാവുന്നത് ലിബറൽ റിപ്പബ്ലിക് എന്ന കാൻവാസിലാണ്.

*(തുടരും)* ■